ലേബർ കോൺട്രാക്ടറുടെ സൊസൈറ്റി.

* 1756. [3] ശ്രീ. കെ. കുഞ്ഞാമു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർപ്രദേശത്തു് രജിസ്റ്റർ ചെയ്യപ്പെട്ട ലേബർ കോൺട്രാക്ടർ സൊസൈറ്റികളുടെ എണ്ണമെത്ര;

(ബി) മേലിൽ ലേബർ കോൺട്രാക്ടറുടെ സൊസൈറ്റി രജിസ്റ്റർ ചെയ്തുകൊടുക്കരുതെന്നു് ഗവണ്മെൻറു് കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുകാരണമെന്താണു് എന്നു് ദയവായി പറയുമോ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) 14. പുതിയ സ്കീം അനുസരിച്ചു് 11-ം അതിൽ ഉൾപ്പെടാത്ത 3 സംഘങ്ങളും.

(ബി) ലേബർ കോൺട്രാക്ടറുടെ സഹകരണസംഘങ്ങളും രജിസ്റ്റർ ചെയ്തുകൊടുക്കരുതെന്ന കല്പനയുണ്ടായിട്ടില്ല. എന്നാൽ പുതിയ സ്കീം അനുസരിച്ചു് രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുള്ള 42 സംഘങ്ങളുടെയും പ്രവർത്തനത്തെ പരിശോധിച്ചശേഷം സ്കീം അനുസരിച്ചു് കൂടുതൽ സംഘങ്ങളും രജിസ്റ്റർ ചെയ്യുന്ന കാര്യം ആലോചിക്കുന്നതായിരിക്കും.

ശ്രീ. കെ. കുഞ്ഞാമു: രജിസ്റ്റർ ചെയ്യുന്നതിനു് അപേക്ഷിച്ചപ്പോൾ രജിസ്റ്റർ ചെയ്തുകൊടുക്കുവാൻ പാടില്ലെന്നു ഉത്തരവുള്ളതായി ഡിപ്പാർട്ടുമെൻറു് പറഞ്ഞു. അതു ശരിയാണോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: അതു ശരിയല്ല. ഗവണ്മെൻറു് അങ്ങനെ കല്പന പുറപ്പെടുവിച്ചിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: 42 സംഘങ്ങളുടെ പ്രവർത്തനം പരിശോധിച്ചശേഷം വല്ല സംഘങ്ങൾക്കും രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ? അതു പരിശോധിച്ചശേഷം വേറെ സംഘങ്ങളും രജിസ്റ്റർ ചെയ്യാമെന്നുള്ള കല്പന അയച്ചതു് എന്നാണു്?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: വേറെ സംഘങ്ങളും രജിസ്റ്റർ ചെയ്തുകൊടുത്തിട്ടില്ല. 1-11-58 എന്നാണു് കല്പനയിൽ തീയതി കാണുന്നതു്.

ശ്രീ. കെ. എം. ജാർജ്ജു്: ഏറ്റവും ഒടുവിൽ സംഘം രജിസ്റ്റർ ചെയ്തതു് എന്നാണെന്നു പറയാമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ആ വിവരം ഇപ്പോൾ കൈവശം ഇല്ല.

ஸ்டேட் டிரான்ஸ்போர்ட் ஊழியர்களுக்கு யூனிபாரம்.

* 1757. [4] ஸ்ரீ. என். கணபதி: கீழ் காணும் வினாக்களுக்கு டிரான்ஸ்போர்ட் இலாகா மந்திரி அவர்கள் விடை பகர்வார்களா?

(எ) 1958-59-க்கு ஸ்டேட் டிரான்ஸ்போர்ட் ஊழியர்களுக்கு யூனிபாரம் கொடுக்கப்பட்டதா;

(பி) அதன் எண்ணம், செலவு என்ன;

(ஸி) 1957-58-ல் எவ்வளவு செலவு?

---

* As the member was absent the Question was put by Shri Kunjambu Kallayan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

Minister for Transport and Labour (**Shri T. V. Thomas**):

(a) Yes.
(b) 9272 numbers. Total expenditure is Rs. 1,16,600.
(c) Rs. 1,09,300.

ടാൻസ്പോർട്ട് വെയിറ്റിംഗ് റൂമുകൾ.

* 1758. [5] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് ഗവണ്മെൻറിനു സ്വന്തമായി എത്ര ടാൻസ്പോർട്ട് വെയിറ്റിംഗ് റൂമുകളുണ്ട് ;

(ബി) വാടക കെട്ടിടങ്ങളിൽ ടാൻസ്പോർട്ട് വെയിറ്റിംഗ് റൂമുകൾ സ്ഥാപിച്ചിട്ടുള്ളതെത്ര ;

(സി) അങ്ങിനെയുള്ള കെട്ടിടങ്ങൾക്ക് ആണ്ടിനാൽ എന്തു വീതം വാടക കൊടുക്കണം;

(ഡി) ടാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡുകളിൽ മലമൂത്രവിസർജ്ജനത്തിനു സൗകര്യമില്ലാത്തവ എത്രയുണ്ട് ;

(ഇ) മലമൂത്രവിസർജ്ജനത്തിനു സൗകര്യമില്ലാത്ത ബസ്സ് സ്റ്റാൻഡുകളിൽ ആ കുറവു് ഉടനടി പരിഹരിക്കുന്നതിനു് ഗവണ്മെൻറു് സ്വീകരിച്ചുവരുന്ന നടപടികൾ സ്വീകരിക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സു്) :

(എ) 54.
(ബി) 9.
(സി) 5502 രൂപാ 72 നയാപൈസ.
(ഡി) ഒന്നുമില്ല.
(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. എ. ബാലൻ : എന്റെ 30-ാം നമ്പർ ചോദ്യം ഇതിനോടു് സാമ്യമുള്ളതാണു്. അതിന്റെ ഉത്തരം കൂടി ഈ അവസരത്തിൽ പറഞ്ഞാൽ കൊള്ളാം.

വെയിറ്റിംഗ് ഷെഡ്ഡുകൾ

* 1759. [30] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ചു് എത്ര വെയിറ്റിംഗ് ഷെഡ്ഡുകൾ കെട്ടുന്നതിനു് ഈ സാമ്പത്തിക വർഷത്തിൽ നിശ്ചയിച്ചിട്ടുണ്ടു്; അതോടനുബന്ധിച്ചു് മലമൂത്രവിസർജ്ജനത്തിനു് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly